"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

പജപവവിവ - ജീവനക്കാര്യം - ശ്രീ.രാധാകൃഷ്ണൻ വി., ഓഫീസ് അറ്റന്റന്റ് (റിട്ട.), ഐ.റ്റി.ഡി.പി. ഓഫീസ്, കാഞ്ഞിരപ്പള്ളി - പ്രത്യേക അവശതാ അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.248/2024/SCSTD തീയതി,തിരുവനന്തപുരം, 30-03-2024

---

പരാമർശം:- 1. ശ്രീ.രാധാകൃഷ്ണൻ വി. സമർപ്പിച്ച 03.08.2023-ലെ അവധി അപേക്ഷ.

2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 02.05.2023, 23.02.2024 തീയതികളിലെ E/E4/1193/2022/STDD നമ്പർ കത്തുകൾ.

**ഉത്തരവ്**

പട്ടികവർഗ്ഗ വികസന വകുപ്പിൽ കാഞ്ഞിരപ്പള്ളി ഐ.ടി.ഡി.പി ഓഫീസിനു കീഴിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.രാധാകൃഷ്ണൻ വി.യ്ക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ അപകടം സംഭവിച്ചതിനാൽ പ്രത്യേക അവശതാ അവധി അനുവദിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ലഭ്യമാക്കിയിരുന്നു. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെയാണ് അപകടം സംഭവിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന കാഞ്ഞിരപ്പള്ളി അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസറുടെ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.രാധാകൃഷ്ണൻ വി.യ്ക്ക് 14.06.2021 മുതൽ 31.03.2022 വരെയുള്ള അവധികൾ ഇതിനകം തന്നെ അനുവദിച്ചു നൽകിക്കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പട്ടികവർഗ്ഗ വികസന വകുപ്പിൽ കാഞ്ഞിരപ്പള്ളി ഐ.ടി.ഡി.പി ഓഫീസിനു കീഴിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.രാധാകൃഷ്ണൻ വി.(റിട്ട.)യ്ക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ അപകടം സംഭവിച്ചതിനാൽ ടിയാന് 01.04.2022 മുതൽ 28.07.2022 വരെയുള്ള 119 ദിവസത്തേക്ക് കെ

എസ് ആർ ഭാഗം I ചട്ടം 98 പ്രകാരം പ്രത്യേക അവശതാ അവധി അനുവദിച്ച നൽ കിക്കൊണ്ടും, അതിനുശേഷമുള്ള കാലയളവ് (29/07/2022 മുതൽ 17/10/2022 വരെ) ചട്ടപ്രകാരം അവധി അപേക്ഷ വാങ്ങിയശേഷം ക്രെഡിറ്റിലെ അവധി ലഭ്യതയ്ക്ക് വിധേയമായി അർഹതപ്പെട്ട അവധിയായോ ,മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലോ അല്ലാതെയോ കെ എസ് ആർ ചട്ടം 88 പ്രകാരമുള്ള ശൂന്യവേതനാവധിയായോ ക്രമീകരിച്ച നൽകുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Biji.c.n
Date: 30-03-2024 14:37:23
സെക്ഷൻ ഓഫീസർ

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി. ഓഫീസ്, കാഞ്ഞിരപ്പള്ളി (പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന)
ശ്രീ.രാധാകൃഷ്ണൻ വി., ഓഫീസ് അറ്റൻഡന്റ് (റിട്ട.)(പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (15.06.2023-ലെ ww-ww3/77/2023-fIN പ്രകാരം)
ഐ&പി.ആർ വകുപ്പ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.